# പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2687 — 14.02.2013 - ൽ മറുപടിക്ക്

## 'സിയാൽ' മോഡൽ കുടിവെള്ള കമ്പനി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എളമരം കരീം | | പി ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് 'സിയാൽ' മോഡൽ കുടിവെള്ള കമ്പനി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇതിനായി എന്തെല്ലാം നടപടി കളാണ് സ്വീകരിച്ചിട്ടുള്ളത് ; | (എ) | 'സിയാൽ' മോഡൽ കമ്പനി പ്രവർത്തനം ആരംഭിച്ചിട്ടില്ല. 31.12.2012-ൽ ജി.ഒ(എം.എസ്) നമ്പർ 103/2012/ഡബ്ല്യു.ആർ.ഡി പ്രകാരം സിയാൽ മാതൃകയിൽ കേരള ഡ്രിങ്കിംഗ് വാട്ടർ സപ്ലൈ കമ്പനി ലിമിറ്റഡ് രൂപീകരിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |
| (ബി) സിയാൽ മോഡൽ കമ്പനിയുടെ പ്രവർത്തനമേഖലകൾ ഏതൊ ക്കെയാണ്; പൈപ്പിലൂടെ കുടി വെള്ളം വിതരണം നടത്തുന്നത് കമ്പനിയുടെ അധികാര പരിധി യിൽ ഉൾപ്പെടുന്നുണ്ടോ; വിശദ മാക്കുമോ; | (ബി) | ഈ കമ്പനി സംസ്ഥാനത്ത് ഉടനീളമുള്ള കമ്മ്യൂണിറ്റി അടിസ്ഥാനമാക്കിയുള്ള വാട്ടർ ഫിൽട്ടറേഷനും ഡ്രിങ്കിംഗ് വാട്ടർ സപ്ലൈ പ്ലാന്റുകളുടെ കൺസ്ട്രക്ഷനും, ഡെവലപ്പിം ഗിനും. മെയിന്റനൻസിനും ഓപ്പറേഷനും വേണ്ടിയുള്ള ഒരു സിംഗിൾ നോഡൽ ഏജൻസിയാണ്.<br>പൈപ്പിലൂടെ കുടിവെള്ളം വിതരണം നടത്തുന്നത് കമ്പനിയുടെ അധികാര പരധിയിൽപ്പെടുന്നില്ല. |
| (സി) കേരള വാട്ടർ സപ്ലൈ ആന്റ് സ്വീവേജ് ആക്ട് അനുസരിച്ച് കുടിവെള്ള വിതരണത്തിന്റെ ചുമതല ഏത് ഏജൻസിയിൽ നിക്ഷിപ്തമാണ്; പ്രസ്തുത നിയമത്തിലെ ഏതു വ്യവസ്ഥ അനുസരിച്ചാണ് സിയാൽ മോഡൽ കുടിവെള്ള കമ്പനി രൂപീകരിക്കുന്നത്; വ്യക്തമാ ക്കുമോ; | (സി) | കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷിപ്ത മാണ്. കേരള വാട്ടർ സപ്ലൈ ആന്റ് സ്വീവറേജ് ആക്ടിൽ സിയാൽ മോഡൽ കമ്പനിയെപ്പറ്റി പരാമർശം ഇല്ല. |
| (ഡി) സംസ്ഥാനത്ത് ജല റഗുലേറ്ററി അതോറിറ്റി രൂപീകരിച്ചിട്ടുണ്ടോ; ഏതെല്ലാം വിഷയങ്ങളാണ് റഗു ലേറ്ററി അതോറിറ്റിയുടെ അധി കാര പരിധിയിൽ ഉൾപ്പെടുന്നത്; വിശദമാക്കുമോ ? | (ഡി) | കേരള സ്റ്റേറ്റ് വാട്ടർ റിസോർസസ് റെഗുലേറ്ററി അതോറിറ്റി രൂപീകരിച്ചിട്ടില്ല. പ്രസ്തുത ബിൽ നിയമസഭയിൽ അവതരിപ്പി ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ